# സ്വാമി ശരണം

# തിരുവിതാംകൂർ ദേവസ്വം ബോർഡ്

## എസ്റ്റേറ്റ് വകുപ്പ്,

## എക്സിക്യൂട്ടീവ് എഞ്ചിനീയർ ആഫീസ്,

## അഡ്മിനിസ്ട്രേറ്റീവ് ആഫീസർ

## ബസ്സ് ഓപ്പറേഷൻസ്

### വാഹന ലേലപരസ്യം

തിരുവിതാംകൂർ ദേവസ്വം ബോർഡിന്റെ ഉടമസ്ഥതയിലും ഉപയോഗത്തിലുമുള്ള താഴെ വിവരിക്കുന്ന വാഹനങ്ങൾ KL.01.K.3167,KL.01.K.3168 1997 മോഡൽ ജീപ്പ്, KL.01.AG.1993 Ford Icon car 2005 മോഡൽ, KL.01.AD.5759 അശോക് ലൈലാന്റ് ബസ്സ് എന്നീ വാഹനങ്ങൾ ലേലവ്യവസ്ഥകൾക്ക് വിധേയമായി ഇപ്പോഴത്തെ അവസ്ഥയിൽ തിരുവിതാംകൂർ ദേവസ്വം ബോർഡിലെ സുമംഗലി കല്ല്യാണമണ്ഡപത്തിൽ വച്ച് ലേലവ്യവസ്ഥകൾക്കുവിധേയമായി 26/04/2018 പകൽ 11.00 മണിക്ക് പരസ്യമായി ലേലം ചെയ്തുവിൽക്കുന്നതാണ്. ലേലനിബന്ധനകളും വ്യവസ്ഥകളും ദേവസ്വം ബോർഡിലെ ബസ്സ് അഡ്മിനിസ്ട്രേറ്റീവ് ആഫീസിൽനിന്നും പ്രവർത്തിദിവസങ്ങളിൽ അറിയാവുന്നതാണ്. ലേലത്തിൽ വച്ചിരിക്കുന്ന വാഹനങ്ങൾ അവ സൂക്ഷിച്ചിരിക്കുന്ന ദേവസ്വം കോമ്പൗണ്ടിൽ ചുമതലപ്പെട്ട ആഫീസറുടെ മുൻകൂട്ടിയുള്ള അനുവാദത്തോടുകൂടി വാഹനവും അനുബന്ധരേഖകളും വിശദമായി പരിശോധിക്കാവുന്നതാണ്.

ഫോൺ 0471-2311810

**ലേല നിബന്ധനകൾ**

1. ലേലത്തിൽ പങ്കെടുക്കുവാൻ ആഗ്രഹിക്കുന്നവർ ലേലത്തിനുമുൻപായി ഓരോവാഹനങ്ങൾക്കും 5000/-(അയ്യായിരം) രൂപയും (ബസ്സിന്മാത്രം 10000/-) വീതം നിരതദ്രവ്യം കെട്ടിവയ്ക്കേണ്ടതും, ലേലം കഴിഞ്ഞതിനുശേഷം നിരതദ്രവ്യം മടക്കിക്കൊടുക്കുന്നതുമാണ്. ലേലത്തിനു പങ്കെടുക്കുന്നവർ/ കൊട്ടേഷൻ നൽകുന്നവർ നിർബന്ധമായും തിരിച്ചറിയൽരേഖ കൈവശംവച്ചിരിക്കുകയോ, കൊട്ടേഷനോടൊപ്പം സമർപ്പിക്കുകയോ ചെയ്യേണ്ടതാണ്.
2. ലേലം വിളി ആരംഭിക്കുന്നതിനുമുൻപ് കൊട്ടേഷനുകൾ സമർപ്പിക്കേണ്ടതാണ്. കൊട്ടേഷനോടൊപ്പവും 5000/- (ബസ്സിന്മാത്രം 10000/-) രൂപയ്ക്കു മൂന്നുമാസംവരെ കാലാവധിയുള്ള അഡ്മിനിസ്ട്രേറ്റീവ് ആഫീസർ, ബസ്സ് ഓപ്പറേഷൻ, തിരുവിതാംകൂർ ദേവസ്വം ബോർഡിന്റെ പേരിൽ തിരുവനന്തപുരം ധനലക്ഷ്മി ബാങ്കിൽ മാറാവുന്ന ബാങ്ക് ഡ്രാഫ്റ്റ് അടക്കം ചെയ്തിരിക്കേണ്ടതാണ്. ലേലം ആരംഭിച്ചതിനുശേഷം കൊട്ടേഷനുകൾ സ്വീകരിക്കുന്നതല്ല.
3. ഏറ്റവും കൂടുതൽ തുകയ്ക്ക് ലേലം വിളിക്കുന്ന/ കൊട്ടേഷൻ നൽകുന്നയാളുടെ പേരിൽ ലേലം താൽക്കാലികമായി ഉറപ്പിച്ചുനൽകുന്നതാണ്.

4. ലേലംകൊണ്ടവ്യക്തിയോ കൊട്ടേഷൻ നൽകുന്ന വ്യക്തിയോ അർഹനായാൽ ലേലതുകയുടെ/കൊട്ടേഷൻതുകയുടെ 50% അപ്പോൾതന്നെ രോക്കം പണമായി കെട്ടിവയ്ക്കേണ്ട ~~തുകയോ, ടി 50% തുകയ്ക്കുള്ള അഡ്മിനിസ്ട്രേറ്റീവ് ആഫീസറുടെ പേരിൽ മാറാവുന്ന D.D. മുൻകൂട്ടി കൊട്ടേഷനോടൊപ്പം ഉൾപ്പെടുത്തുകയോ ചെയ്യേണ്ട~~താണ്.
5. പ്രത്യേകകാരണംഒന്നുംകൂടാതെ ലേലം മാറ്റിവയ്ക്കുന്നതിനോ, റദ്ദുചെയ്യുന്നതിനോ, ലേലം സ്ഥിരപ്പെടുത്താതിരിക്കുന്നതിനോ ലേലം നടത്തുന്ന ഉദ്യോഗസ്ഥന് അധികാരം ഉണ്ടായിരിക്കുന്നതാണ്.
6. എല്ലാലേലവിൽപ്പനയും ദേവസ്വം ബോർഡിന്റെ അംഗീകാരത്തിനും തീരുമാനത്തിനും വിധേയമായിരിക്കും.
7. ലേലം/കൊട്ടേഷൻ അനുവദിച്ചുകൊണ്ട് ദേവസ്വം ബോർഡിന്റെ ഉത്തരവുലഭിച്ചശേഷം 7 ദിവസത്തിനകം ബാക്കിലേലതുകയും മുഴുവൻലേലതുകയുടെ നിലവിലുള്ള (ജി.എസ്.റ്റി) നികുതിയും കെട്ടിവച്ച് വാഹനം സ്വന്തം ചെലവിൽ നീക്കം ചെയ്യേണ്ടതാണ്. ഇക്കാര്യത്തിൽ വീഴ്ച വരുത്തിയാൽ കെട്ടിവച്ചതുക മുഴുവൻ ദേവസ്വം ബോർഡിലേയ്ക്ക് മുതൽകൂട്ടുന്നതും വാഹനം പുനർലേലം ചെയ്യുന്നതുമാണ്.
8. തിരുവിതാംകൂർ ദേവസ്വം ബോർഡിൽ നിലവിലുള്ള എല്ലാലേലവ്യവസ്ഥകളും ഈ ലേലത്തിനും ബാധകമാണ്.
9. ലേലദിവസം പൊതുഅവധിദിവസമായി പ്രഖ്യാപിച്ചാൽ ലേലം അടുത്ത പ്രവർത്തിദിവസം അതേസമയം നടത്തുന്നതായിരിക്കും.
10. കൂടുതൽ വിവരങ്ങൾക്ക് ബസ്സ് അഡ്മിനിസ്ട്രേറ്റീവ് ആഫീസുമായോ, എസ്റ്റേറ്റ് വകുപ്പ്, എക്സിക്യൂട്ടീവ് എഞ്ചിനീയർ ആഫീസുമായോ www.travancoredevaswomboard.org എന്ന വെബ് സൈറ്റിലോ ബന്ധപ്പെടാവുന്നതാണ്.

തിരുവിതാംകൂർ ദേവസ്വം ബോർഡിനു വേണ്ടി,

**എക്സിക്യൂട്ടീവ് എഞ്ചിനീയർ**
**അഡീഷണൽ ചാർജ് ഓഫ് അഡ്മിനിസ്ട്രേറ്റീവ് ആഫീസർ**
**ബസ്സ് ഓപ്പറേഷൻസ്**
**തിരുവനന്തപുരം**
**0471-2311810**

തിരുവനന്തപുരം